## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം; 1977 12.02.2013 ലെ മറുപടിക്ക്

### മരണപ്പെട്ട ജയാനന്ദന്റെ കുടുംബത്തിന് ദ ുരിതാശ്വാസ സഹായം

**ചോദ്യം**

**ശ്രീ.കെ. ദാസൻ**

(എ) കൊയിലാണ്ടിയിൽ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട ജയാനന്ദന്റെ ഭാര്യ മുക്രവളപ്പിൽ നിഷ, ദുരിതാശ്വാസ സഹായത്തിനായി നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനം എന്ന് ലഭിച്ചു എന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) മരണപ്പെട്ട ജയാനന്ദന്റെ കുടുംബത്തിന് എപ്പോൾ ദുരിതാശ്വാസ സഹായം ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**(ശ്രീ. ഉമ്മൻചാണ്ടി (ബഹു.) മുഖ്യമന്ത്രി)**

(എ) & (ബി)

കൊയിലാണ്ടിയിൽ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട ജയാനന്ദന്റെ ഭാര്യ മുക്രവളപ്പിൽ നിഷ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി നൽകിയ നിവേദനം 31.10.12 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഈ നിവേദനം റിപ്പോർട്ടിനായി കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയതിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ശ്രീമതി നിഷയ്ക്ക് ധനസഹായം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ